പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പര്‍ 1625 02.07.2015 - ല്‍ മറുപടിയ്ക്ക്

## മുളക്കുളം വൃദ്ധസദനം

ചോദ്യം

ശ്രീ.മോന്‍സ് ജോസഫ്

ഉത്തരം

ഡോ. എം.കെ. മുനീര്‍

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തില്‍ ആരംഭിക്കുന്ന വൃദ്ധസദനത്തിന്റെ തുടര്‍ പ്രവര്‍ത്തനങ്ങള്‍ സംബന്ധിച്ച വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ ; | (എ) യും (ബി) യും | മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ വൃദ്ധസദനത്തിനായുള്ള 35.5 സെന്റ് ഭൂമിയും പകുതി പൂര്‍ത്തിയായ കെട്ടിടവും സാമൂഹ്യനീതി വകുപ്പിന് കൈമാറി നല്‍കുന്നതിനുള്ള നടപടികള്‍ ആരംഭിച്ചുകഴിഞ്ഞു. കെട്ടിടത്തിന്റെ അവശേഷിക്കുന്ന പണികള്‍ പൂര്‍ത്തീകരിക്കുന്നതിനായി 8.06.2015 ലെ ജി.ഒ (ആര്‍.റ്റി) 347/15/സാനീവ നമ്പര്‍ ഉത്തരവ് പ്രകാരം ഭരണാനുമതി നല്‍കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വൃദ്ധസദനത്തിനായുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റിലെ എഫ്. 5 / 35021/2014 ഫയല്‍ പ്രകാരമുള്ള കെട്ടിട നിര്‍മ്മാണത്തിന് അനുമതി നല്‍കിയിട്ടുണ്ടോ ; ഇല്ലെങ്കില്‍ ഈ സാമ്പത്തിക വര്‍ഷം പദ്ധതിക്ക് അനുമതി ലഭിക്കുമോ എന്നറിയിക്കുമോ ? | | |

സെക്ഷന്‍ ഓഫീസര്‍